**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2780** **03-08-2021 - ൽ മറുപടിയ്ക്ക്**

**ചക്ക സംഭരണ-സംസ്കരണ-വിപണന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ജീവിത ശൈലീരോഗങ്ങളെ ചെറുക്കാൻ ചക്ക ഉത്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചക്ക സംഭരണ-സംസ്കരണ-വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ജീവിത ശൈലീരോഗങ്ങളെ ചെറുക്കാൻ ചക്ക ഉത്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചക്ക സംഭരണ സംസ്കരണ വിപണനം എന്ന പദ്ധതി വി.എഫ്.പി.സി.കെ വഴി ഇടുക്കി, വയനാട് ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ഇതിലേക്കായി 'ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ്, ഫ്ലവേഴ്സ് ആന്റ് മെഡിസിനൽ പ്ലാന്റ്സ്" എന്നപദ്ധതിയിൽ ഉൾപ്പെടുത്തി 75 ലക്ഷം രൂപ 2020-21 വർഷത്തിൽ നൽകിയിട്ടുണ്ട്. ചക്ക സംഭരണ-വിപണന കേന്ദ്രങ്ങൾ ഇടുക്കി ജില്ലയിലെ കലയന്താനിയിൽ ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ മുട്ടിലിലെ സ്വാശ്രയ കർഷക സമിതിയിൽ ചക്ക സംഭരണ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 35 ടണ്ണോളം ചക്ക കഴിഞ്ഞ വർഷം സംഭരിച്ചിട്ടുണ്ട്. സംഭരണത്തിന് കിലോയ്ക്ക് 5 രൂപ എന്ന നിരക്കിൽ കർഷകർക്ക് സഹായം ലഭ്യമാക്കി. കൂടാതെ ചക്കയുടെ മൂല്യവർദ്ധന പരിശീലനങ്ങൾ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ചക്കയുടെ മൂല്യവർദ്ധനവിനായി ഇടുക്കി ജില്ലയിലെ കലയന്താനിയിൽ ചക്ക സംസ്കരണ കേന്ദ്രം വഴി ഫ്രോസൺ ജാക്ക്, ചക്ക അട, ചക്ക കുരു തുടങ്ങിയവ തളിർ ബ്രാൻഡിൽ വിപണനം ചെയ്തു വരുന്നു. ഇതിന്റെ വിപണന ശൃംഖല കൂടുതൽ വിപുലീകരിക്കുന്നതിനും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വിപണി കണ്ടെത്തുന്നതിന് ശ്രമിച്ചു വരുന്നു. ഈ വർഷം വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപ ഇടുക്കി ജില്ലയിൽ ആരംഭിച്ച മൂല്യവർദ്ധന യൂണിറ്റിനും, വയനാട് ജില്ലയിൽ തുടങ്ങുവാനുദ്ദേശിച്ച യൂണിറ്റിനും, സംഭരണത്തിനും, കർഷകർക്കുള്ള പരിശീലനത്തിനുമായി വിനിയോഗിക്കുന്നതാണ്. എല്ലാ പഞ്ചായത്തിലും ചക്ക സംഭരണ-സംസ്കരണ- |

| | | | |
|---|---|---|---|
| | | | വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ഇല്ലെങ്കിൽ അത്തരം കേന്ദ്രങ്ങൾ എല്ലാ പഞ്ചായത്തിലും ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന ജീവിത ശൈലീരോഗങ്ങളെ ചെറുക്കാൻ ചക്ക ഉത്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചക്ക സംഭരണ സംസ്കരണ വിപണനം എന്ന പദ്ധതി വി.എഫ്.പി.സി.കെ വഴി ഇടുക്കി, വയനാട് ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ഇതിലേക്കായി 'ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ്, ഫ്ലവേർസ് ആന്റ് മെഡിസിനൽ പ്ലാന്റ്സ്" എന്നപദ്ധതിയിൽ ഉൾപ്പെടുത്തി 75 ലക്ഷം രൂപ 2020-21 വർഷത്തിൽ നൽകിയിട്ടുണ്ട്. ചക്ക സംഭരണ-വിപണന കേന്ദ്രങ്ങൾ ഇടുക്കി ജില്ലയിലെ കലയന്താനിയിൽ ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ മുട്ടിലിലെ സ്വാശ്രയ കർഷക സമിതിയിൽ ചക്ക സംഭരണ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 35 ടണ്ണോളം ചക്ക കഴിഞ്ഞ വർഷം സംഭരിച്ചിട്ടുണ്ട്. സംഭരണത്തിന് കിലോയ്ക്ക് 5 രൂപ എന്ന നിരക്കിൽ കർഷകർക്ക് സഹായം ലഭ്യമാക്കി. കൂടാതെ ചക്കയുടെ മൂല്യവർദ്ധന പരിശീലനങ്ങൾ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ചക്കയുടെ മൂല്യവർദ്ധനവിനായി ഇടുക്കി ജില്ലയിലെ കലയന്താനിയിൽ ചക്ക സംസ്കരണ കേന്ദ്രം വഴി ഫ്രോസൺ ജാക്ക്, ചക്ക അട, ചക്ക കുരു തുടങ്ങിയവ തളിർ ബ്രാൻഡിൽ വിപണനം ചെയ്തു വരുന്നു. ഇതിന്റെ വിപണന ശൃംഖല കൂടുതൽ വിപുലീകരിക്കുന്നതിനും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വിപണി കണ്ടെത്തുന്നതിന് ശ്രമിച്ച് വരുന്നു. ഈ വർഷം വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപ ഇടുക്കി ജില്ലയിൽ ആരംഭിച്ച മൂല്യവർദ്ധന യൂണിറ്റിനും, വയനാട് ജില്ലയിൽ തുടങ്ങുവാനുദ്ദേശിച്ച യൂണിറ്റിനും, സംഭരണത്തിനും, കർഷകർക്കുള്ള പരിശീലനത്തിനുമായി വിനിയോഗിക്കുന്നതാണ്. എല്ലാ പഞ്ചായത്തിലും ചക്ക സംഭരണ-സംസ്കരണ-വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ